# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.08.2025**

### പ്രധാനവാർത്തകൾ

1) ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഉള്ളൊഴുക്ക് മികച്ച മലയാളചിത്രം.

2) 17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള തീയതി പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് സെപ്റ്റംബർ 9 ന്.

3) ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലേക്ക് താത്കാലിക വൈസ് ചാൻസലർമാരെ നിയമിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കോടതി വിധി മറികടന്നുകൊണ്ടുള്ള നിയമനമെന്ന് മന്ത്രി പി രാജീവ്.

4) ഛത്തീസ്ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകളുടെ ജാമ്യ ഹർജിയിൽ എൻഐഎ കോടതി നാളെ വിധി പ്രഖ്യാപിക്കും.

5) കേരള ഫിലിം പോളിസി കോൺക്ലേവിന് നാളെ തിരുവനന്തപുരത്ത് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും

6) ഇന്ത്യ- ഇംഗ്ലണ്ട് അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൻറെ ഒന്നാം ഇന്നിങ്സിൽ ഇന്ത്യ 224 റൺസിന് പുറത്ത്.

RNU TVPM

**********************

## ചലച്ചിത്ര പുരസ്ക്കാരം

71-ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ ന്യൂഡൽഹിയിൽ പ്രഖ്യാപിക്കുന്നു. ക്രിസ്റ്റോ റ്റോമി സംവിധാനം ചെയ്ത ഉള്ളൊഴുക്ക് മികച്ച മലയാള ചിത്രം. മികച്ച എഡിറ്റിങ്ങിനുള്ള പുരസ്കാരം മലയാള ചിത്രം പൂക്കാലം സ്വന്തമാക്കി. മിഥുൻ മുരളിയാണ് ചിത്രത്തിൻറെ എഡിറ്റർ. മികച്ച പ്രൊഡക്ഷൻ ഡിസൈനുള്ള പുരസ്കാരം 2018 എന്ന ചിത്രത്തിനാണ്. നോൺ-ഫീച്ചർ ഫിലിം വിഭാഗത്തിൽ
എം കെ രാമദാസ് സംവിധാനം ചെയ്ത നെകൽ - നെല്ലു മനുഷ്യൻ്റെ കഥയ്ക്ക് പ്രത്യേക ജൂറി പരാമർശം.
2023 ൽ പുറത്തിറങ്ങിയ ചലച്ചിത്രങ്ങളാണ് പുരസ്ക്കാരത്തിനായി പരിഗണിച്ചത്. പുരസ്കാര പ്രഖ്യാപനം പുരോഗമിക്കുകയാണ്.

***********************

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള തീയതി പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. സെപ്റ്റംബർ 9 ന് വോട്ടെടുപ്പും വോട്ടെണ്ണലും നടക്കും. ഈ മാസം 7 ന് വിജ്ഞാപനം പുറപ്പെടുവിക്കും. 21 വരെ പത്രിക സമർപ്പിക്കാം. 22 ന് സൂക്ഷ്മ പരിശോധന നടക്കും. ഈ മാസം 25 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ടതും, നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ അംഗങ്ങൾ, ലോക്സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്.

***********************

## പാർലമെൻറ്

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. തിങ്കളാഴ്ച സഭ വീണ്ടും ചേരും. ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചാണ് പ്രതിപക്ഷം ഇരു സഭകളിലും പ്രതിഷേധം ഉയർത്തിയത്.

***********************

PMUTVPM

## നിമിഷ പ്രിയ - വിദേശകാര്യ മന്ത്രാലയം

യെമനിൽ തടവിൽ കഴിയുന്ന മലയാളി നഴ്സ് നിമിഷപ്രിയയുടെ മോചനം ഏറെ കരുതലോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണെന്ന് വിദേശകാര്യ മന്ത്രാലയം. കേസിന് ആവശ്യമായ എല്ലാ പിന്തുണയും കേന്ദ്ര സർക്കാർ നൽകി വരുന്നതായും വിദേശകാര്യ വക്താവ് രൺധിർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. യെമൻ ഭരണകൂടവുമായി സർക്കാർ നിരന്തരം സമ്പർക്കം പുലർത്തുന്നതായും, വധശിക്ഷ നടപ്പാക്കുന്നത് നീട്ടിവച്ചത് കൂട്ടായ ഇത്തരം ശ്രമങ്ങളുടെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. വധശിക്ഷ റദ്ദാക്കിയെന്ന തരത്തിൽ പ്രചരിച്ച വാർത്തകൾ വാസ്തവ വിരുദ്ധമാണെന്നും ശ്രീ ജയ്സ്വാൾ വ്യക്തമാക്കി.

***********************

## കെ രാജൻ - പുനരധിവാസം (ഇൻട്രോ)

വയനാട്ടിലെ പുനരധിവാസവുമായി ബന്ധപ്പെട്ടു സംസ്ഥാന സർക്കാരിനെതിരെ ഉയർന്ന ആരോപണങ്ങൾ ഗൂഢാലോചനയുടെ ഭാഗമാണെന്ന് മന്ത്രി കെ രാജൻ. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയും കുറഞ്ഞ കാലം കൊണ്ട് പുനരധിവാസത്തിനായി ഒരു നഗരം പൂർത്തിയാവുന്നത് എന്നും അദ്ദേഹം കോട്ടയത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ചൂരൽമല ടൌൺ ഷിപ് സംബന്ധിച്ച് തെറ്റായ പ്രചരണമാണ് നടക്കുന്നത്.

410 വീടുകൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണെന്നും റവന്യു മന്ത്രി അറിയിച്ചു.

(വോയിസ്)

***********************

## വി സി നിയമനം

സംസ്ഥാനത്തെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിൽ താത്കാലിക വൈസ് ചാൻസലർമാരെ നിയമിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. സിസ തോമസിനെ ഡിജിറ്റൽ സർവ്വകലാശാല വി സി ആയും, കെ ശിവപ്രസാദിനെ സാങ്കേതിക സർവ്വകലാശാലാ വി സി ആയും വീണ്ടും നിയമിച്ച് രാജ് ഭവൻ വിജ്ഞാപനം പുറത്തിറക്കി. 6 മാസമാണ് താത്കാലിക വി സി

RNUTVPM

മാരുടെ കാലാവധി. സർക്കാരിൻറെ പാനൽ തള്ളിക്കൊണ്ടാണ് നിയമനം. സുപ്രീംകോടതി വിധിയെ മറികടന്നുകൊണ്ടാണ് ഈ നിയമനമെന്നും, ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ് ഇതെന്നും സംസ്ഥാന നിയമ മന്ത്രി പി രാജീവ് പ്രതികരിച്ചു. ഏകപക്ഷീയമായ നടപടിയാണിതെന്ന് സർക്കാരുമായി കൂടിയാലോച്ച് വേണം നിയമനമെന്ന് കോടതി വ്യക്തമാക്കിയിട്ടുള്ളതാണെന്നും ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു പറഞ്ഞു.

***********************

## ഛത്തീസ്ഗഢ്

ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകളുടെ ജാമ്യ ഹർജിയിൽ എൻഐഎ കോടതി ഇന്ന് വാദം കേട്ടു. ജാമ്യം സംബന്ധിച്ച വിധി കോടതി നാളെ പ്രഖ്യാപിക്കും. കേസ് ഡയറി ഉൾപ്പെടെ ഇന്ന് കോടതിയിൽ ഹാജരാക്കി. അന്വേഷണം പ്രാരംഭ ഘട്ടത്തിലാണെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു.

***********************

## ഉച്ചഭക്ഷണ മെനു

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കിയ പുതുക്കിയ ഉച്ചഭക്ഷണ മെനു വിലയിരുത്താൻ മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ നേരിട്ടെത്തി . എഗ്ഫ്രൈഡ് റൈസിനുള്ള തയ്യാറെടുപ്പുകൾ കണ്ടു മനസ്സിലാക്കിയ മന്ത്രി ഒന്നാം ക്ലാസ്സിലെ കുരുന്നുകൾക്ക് ഭക്ഷണം വിളമ്പി. ലമൺ റൈസ്, വെജ് ബിരിയാണി, വിവിധയിനം പായസങ്ങൾ, റാഗി ഉപയോഗിച്ചുള്ള കൊഴുക്കട്ട, ഇലയട തുടങ്ങിയവ പരിഷ്കരിച്ച മെനുവിൻറെ ഭാഗമാണ്.

***********************

## മന്ത്രി വീണാ ജോർജ്

സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ സ്ഥാപിച്ച മിൽക്ക് ബാങ്കുകൾ വൻ വിജയമെന്ന് മന്ത്രി വീണാ ജോർജ്. കോഴിക്കോട് , തൃശൂർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് ഈ സർക്കാരിന്റെ കാലത്ത് മിൽക്ക് ബാങ്ക് സ്ഥാപിച്ചത്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലും കോട്ടയം മെഡിക്കൽ കോളേജിലും മിൽക്ക് ബാങ്കുകൾ സജ്ജമായി വരുന്നുവെന്നും മന്ത്രി പറഞ്ഞു . 3 മിൽക്ക്

RNU TVPM

ബാങ്കുകളിൽ നിന്നായി ഇതുവരെ 17,307 കുഞ്ഞുങ്ങൾക്കാണ് മുലപ്പാൽ നൽകിയത്.

***********************

## കേരള ഫിലിം പോളിസി കോൺക്ലേവ്

കേരള ഫിലിം പോളിസി കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നിയമസഭാ സമുച്ചയത്തിലെ ആർ ശങ്കരനാരായണൻ തമ്പി ലോഞ്ചിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, സുഹാസിനി, സംവിധായകൻ മണിരത്നം എന്നിവർ മുഖ്യാതിഥികളാവും. രണ്ട് ദിവസത്തെ കോൺക്ലേവിൽ സിനിമാ മേഖലയുമായി ബന്ധപ്പെട്ട ഒൻപതോളം വിഷയങ്ങൾ സമഗ്രമായി ചർച്ച ചെയ്യും. മന്ത്രിമാർ, രാജ്യാന്തര സിനിമാ പ്രൊഫഷണലുകൾ തുടങ്ങി നിരവധി പ്രമുഖർ കോൺക്ലേവിൽ പങ്കെടുക്കും.

***********************

## ട്രോളിംഗ്-നിരോധനം(ഇൻട്രോ)

52 ദിവസത്തെ ട്രോളിങ്ങ് നിരോധനം അവസാനിച്ച ആദ്യദിനം തന്നെ സംസ്ഥാനത്തെ ഹാർബറുകൾ സജീവമായി. എന്നാൽ പ്രതീക്ഷിച്ച നേട്ടം ആദ്യദിനം ഉണ്ടായില്ലെന്നാണ് മത്സ്യത്തൊഴിലാളികളിൽ നിന്നും ലഭിക്കുന്ന പ്രതികരണം. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.

(വോയ്സ്)

***********************

## വി എസ് അച്യുതാനന്ദൻ അനുശോചനം

അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദനെ അനുസ്മരിക്കുന്നതിനായി സിപിഐ എം സംസ്ഥാന കമ്മിറ്റി തിരുവനന്തപുരത്ത് അനുശോചന യോഗം സംഘടിപ്പിച്ചു. രാഷ്ട്രീയ കേരളത്തിന് നികത്താനാകാത്ത നഷ്ടമാണ് വി എസിന്റെ വിയോഗമെന്ന് പരിപാടിയിൽ പങ്കെടുത്ത് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്നുള്ള മുതിർന്ന നേതാക്കൾ അനുശോചന യോഗത്തിൽ പങ്കെടുത്തു.

RNUTVPM

***********************

## സൈനിക് സ്കൂൾ

അഖിലേന്ത്യാ സൈനിക സ്കൂൾ ഹോക്കി ടൂർണമെൻ്റ് ചാമ്പ്യൻഷിപ്പ് ട്രോഫി കഴക്കൂട്ടം സൈനിക സ്കൂളിന്. ഫൈനലിൽ ഭുവനേശ്വറിനെതിരെ 2-1 നാണ് കഴക്കൂട്ടം പരാജയപ്പെടുത്തിയത്. ഹോക്കിയിൽ കഴക്കൂട്ടം സൈനിക സ്കൂൾ നേടുന്ന ആദ്യ കിരീടമാണിത്.

***********************

## ഇന്ത്യ- ഇംഗ്ലണ്ട് ക്രിക്കറ്റ്

ഇന്ത്യ- ഇംഗ്ലണ്ട് അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൻറെ ഒന്നാം ഇന്നിങ്സിൽ ഇന്ത്യ 224 റൺസിന് പുറത്ത്. 6 ന് 204 റെൻസെന്ന നിലയിൽ രണ്ടാം ദിനമായ ഇന്ന് ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യയ്ക്ക് 20 റൺസെടുക്കുന്നതിനിടെ ശേഷിച്ച നാലു വിക്കറ്റുകളും നഷ്ടമാകുകയായിരുന്നു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട് 2 വിക്കറ്റിന് 129 റൺസ് എന്ന നിലയിലാണ്. പരമ്പരയിൽ 2-1 ന് മുന്നിലാണ് ഇംഗ്ലണ്ട്.

***********************

## ഓഹരി /സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നഷ്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു . സെൻസെക്സ് 585 പോയിൻ്റ് താഴ്ന്ന് 80,599 ലും, നിഫ്റ്റി 203 പോയിൻ്റ് നഷ്ടത്തിൽ 24,565 ലും വ്യാപാരം പൂർത്തിയാക്കി.

സ്വർണ വില കുറഞ്ഞു.സ്വർണം ഗ്രാമിന് 20 രൂപ താഴ്ന്ന് 9,150 രൂപയും,പവന് 160 രൂപ കുറഞ്ഞു 73,200 രൂപയുമാണ് ഇന്നത്തെ വില.

***********************

## മഴ

സംസ്ഥാനത്തെ നാളെ മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. വിവിധ ജില്ലകളിൽ നാളെ മുതൽ ചൊവ്വാഴ്ച വരെ മഞ്ഞ ജാഗ്രത നൽകി. ലക്ഷദ്വീപ് തീരത്ത് ഇന്നു മുതൽ ഈ മാസം 5 വരെയും, കേരള-കർണാടക

RNU TVPM

തീരങ്ങളിൽ ഈ മാസം 4, 5 തീയതികളിലും മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം.

***********************

## മത്സ്യത്തൊഴിലാളി-ശാരീരികാസ്വാസ്ഥ്യം

കോഴിക്കോട് മത്സ്യബന്ധനത്തിനിടെ ശാരീരികാസ്വാസ്ഥ്യം അനുഭവപ്പെട്ട രണ്ട് മത്സ്യത്തൊഴിലാളികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 'ആദിദൂതർ' എന്ന മത്സ്യബന്ധന ബോട്ടിലെ തൊഴിലാളികളെയാണ് ഫിഷറീസ് സംഘം ആശുപത്രിയിലെത്തിച്ചത്.

***********************

## സ്റ്റുഡൻറ് പൊലീസ് കേഡറ്റ്

സ്റ്റുഡൻറ് പൊലീസ് കേഡറ്റ് പദ്ധതിയുടെ 15-ാാം വാർഷികം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പേരൂർക്കട സ്പെഷ്യൽ ആംഡ് പൊലീസ് ഗ്രൗണ്ടിൽ രാവിലെ നടക്കുന്ന സെറിമോണിയൽ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. തുടർന്ന് കേഡറ്റുകൾ ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കും.

***********************

## തെരുവ്നായ-നാദപുരം

കോഴിക്കോട് നാദാപുരത്ത് നാലുപേർക്ക് തെരുവ്നായയുടെ കടിയേറ്റു.നാദാപുരം ഗവൺമെൻറ് ആശുപത്രിക്ക് പരിസരത്ത് വച്ചാണ് നായയുടെ ആക്രമണമുണ്ടായത്. പരിക്കേറ്റവർ നാദാപുരം ഗവൺമെൻറ് താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി.

***********************

## ആലപ്പുഴ - ജീവപര്യന്തം

ആലപ്പുഴയിൽ വസ്തു തർക്കത്തിന്റെ പേരിൽ ബന്ധുവിനെ കൊലപ്പെടുത്തിയ കേസിൽ പ്രതിയായ യുവ അഭിഭാഷകന് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ. ആലപ്പുഴ മണ്ണഞ്ചേരി സ്വദേശി മഹേഷിനെയാണ് അഡീഷണൽ സെഷൻസ് കോടതി ശിക്ഷിച്ചത്. 2020 സെപ്റ്റംബർ 29 നായിരുന്നു കേസിനാസ്പദമായ സംഭവം.

***********************

RNUTVPM

## <u>പാസ്പോർട്ട് സേവാ ക്യാമ്പ്</u>

കൊച്ചി റീജിയണൽ പാസ്പോർട്ട് ഓഫീസ് പാലക്കാട് ജില്ലയിൽ ഈ മാസം 6 മുതൽ 14 ദിവസത്തെ മൊബൈൽ പാസ്പോർട്ട് സേവാ ക്യാമ്പ് സംഘടിപ്പിക്കും. തപാൽ വകുപ്പിന്റെയും ജില്ലാ അധികാരികളുടെയും ഏകോപനത്തോടെ 11 ഇടങ്ങളിലായിരിക്കും ക്യാമ്പുകൾ നടക്കുന്നത്. ദീർഘദൂര യാത്രകൾ ഒഴിവാക്കി പൗരന്മാർക്ക് പാസ്പോർട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള വിദേശകാര്യ മന്ത്രാലയത്തിന്റെ സംരംഭമാണ് മൊബൈൽ പാസ്പോർട്ട് സേവാ ക്യാമ്പ്.

***********************

*****************

**********

RNU TVPM